**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3521.** **19.10.2016 ന് മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ എക്സൈസ് വകുപ്പിന്റെ ഡിവിഷൻ, സർക്കിൾ, റേഞ്ച് എന്നീ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | മട്ടന്നൂർ റെയിഞ്ച് ഓഫീസിന് കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിനു ജില്ലയിൽ എവിടെ യൊക്കെ സ്ഥലം ലഭ്യമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (ബി) | കൂത്തുപറമ്പ് റെയിഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ് എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ കൂത്തു പറമ്പ് ടൗണിൽ 17 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. മട്ടന്നൂർ റെയിഞ്ച് ഓഫീസിന് കെട്ടിടം പണിയുന്നതിന് തലശ്ശേരി താലൂക്കിൽ പഴശ്ശിയിൽ 10 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. |
| (സി) | ജില്ലയിൽ നിലവിൽ എക്സൈസ് വകുപ്പിൽ എത്ര ഒഴിവുകൾ ഉണ്ട്; ഏതൊക്കെ തസ്തികകൾ എന്ന് വ്യക്തമാക്കാമോ; | (സി) | പ്രിവന്റീവ് ഓഫീസർ - 13<br>വനിതാ സിവിൽ എക്സൈസ് ഓഫീസർ-2<br>ഡ്രൈവർ - 3<br>ആകെ -18 ഒഴിവുകൾ നിലവിലുണ്ട്. |
| (ഡി) | മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, മയക്കുമരുന്ന് മാഫിയയെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയത്തക്ക രീതിയിൽ വകുപ്പിനെ നവീകരിക്കാനും ആധുനിക സജ്ജീകര ണങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ? | (ഡി) | ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും പ്രധാന ചെക്ക്പോസ്റ്റുക ളിൽ സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു. മയക്കുമരുന്നു വിൽപ്പന കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടി കളുടെ ഭാഗമായി എക്സൈസ് വകുപ്പിനെ കൂടി കേരള ടെലികോം നിയമത്തിൽ നോട്ടിഫൈഡ് ഏജൻസിയായി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനുവേണ്ടി 155358 എന്ന ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്. ഇതിനൊപ്പം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ച് അതി വിപുലമായ ലഹരിവർജ്ജന പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**